**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2456** **07-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. രാജ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വൻനേട്ടം കൈവരിക്കാനായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്.<br><br>വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 10 സ്ഥാപനങ്ങളാണ് 2011-16 കാലയളവിൽ പ്രവർത്തന ലാഭം കൈവരിച്ചിരുന്നത്. അതിൽ കിൻഫ്ര സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം കിൻഫ്ര ഉൾപ്പെടെ 26 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് എടുത്ത് പറയത്തക്ക നേട്ടമാണ് നിലവിൽ വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും സ്ഥാപനങ്ങൾ കൈവരിച്ചിട്ടുള്ളത്. |
| (ബി) | നിലവിൽ എത്ര സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; 2011-16 -ലെ സർക്കാരിന്റെ കാലയളവിലെ സ്ഥിതിയുമായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്.<br><br>വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 10 സ്ഥാപനങ്ങളാണ് 2011-16 കാലയളവിൽ പ്രവർത്തന ലാഭം കൈവരിച്ചിരുന്നത്. അതിൽ കിൻഫ്ര സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം കിൻഫ്ര ഉൾപ്പെടെ 26 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് എടുത്ത് പറയത്തക്ക നേട്ടമാണ് നിലവിൽ വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും സ്ഥാപനങ്ങൾ കൈവരിച്ചിട്ടുള്ളത്. |
| (സി) | പൊതുമേഖലാ വ്യവസായങ്ങൾ മത്സരക്ഷമവും ലാഭകരവുമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാസ്റ്റർ പ്ലാനിനെക്കുറിച്ച് അറിയിക്കാമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും |

| | | | |
|---|---|---|---|
| | | | ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് അടുത്ത പത്ത് വർഷ കാലയളവിലെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതോടെ മൊത്തം 9467 കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിവരം **അനുബന്ധ**മായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ**

**1. കെമിക്കൽ മേഖല**

കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിൽ മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെ സാങ്കേതിക വിദ്യ നവീകരണം, ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, $TiO_2$ ന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മലബാർ സിമന്റ്സ് ലിമിറ്റഡിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നടപ്പിലാക്കുന്ന ബൾക്ക് സിമന്റ് ടെർമിനൽ & ലോജിസ്റ്റിക് ഹബ്ബ്, കണ്ണൂരിൽ സിമന്റ് ഗ്രൈൻഡിങ് യൂണിറ്റ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിൽ കമ്പനി പുറംതള്ളുന്ന മാലിന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി, നവീകരണ പദ്ധതികൾ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ പുതിയ 150 TPD കാസ്റ്റിക് സോഡാ പ്ലാന്റ്, പുതിയ ഹൈഡ്രജൻ പെറോക്സൈഡ് പ്ലാന്റ് , 20 MW Hydro Power plant സ്ഥാപിക്കുക മുതലായ പദ്ധതികൾ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ക്യാൻസർ ചികിത്സയ്ക്കാനാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള 150 കോടി രൂപ ചെലവ് വരുന്ന ഓങ്കോളജി പാർക്ക്. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ഗ്രെ സിമന്റ് ഉല്പാദിപ്പിക്കുന്നതിനും വൈറ്റ് സിമന്റിന്റെയും വാൾപ്പുട്ടിയുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ട്രാവൻകൂർ സിമെൻറ്സ് ലിമിറ്റഡ് വിഭാവന ചെയ്യുന്നു.

**2. ഇലക്ട്രിക്കൽ മേഖല**

ഈ മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ നവീകരണ/ വിപുലീകരണ/വൈവിധ്യവത്ക്കരണ പദ്ധതികൾ. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ, ട്രാക്ഷൻ മോട്ടോർ, ട്രാക്ഷൻ ട്രാൻസ്ഫോർമർ, സോളിഡ്സ്റ്റേറ്റ് ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ ഉത്പാദിപ്പിക്കുന്നതിനുള്ള സൗകര്യം, ടെൽക്കിൽ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ പോർട്ടബിൾ ഡീസൽ ജനറേറ്റർ, റിങ് മെയിൻ യൂണിറ്റ് മുതലായ പുതിയ ഉല്പന്നങ്ങളിലേയ്ക്ക് പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ, പിണറായി ഹൗസ് വയറിങ് യൂണിറ്റിന്റെ വികസനം, പ്ലാന്റുകളുടെ നവീകരണം തുടങ്ങിയവ ട്രാക്കോ കേബിൾ കമ്പനി ലക്ഷ്യമിടുന്നു.

**3. എഞ്ചിനീയറിംഗ് മേഖല**

സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിൽ യൂണിറ്റുകളുടെ നവീകരണം, ഡ്രൈ ഡോക്കിങ്, സ്ലിപ്‌വേ നിർമ്മാണം, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 6 ടൺ ഹൈഡ്രോളിക് ഹാമർ, 1100 ടൺ സ്ക്രൂ പ്രസ്സ്, 4000 ടൺ ഹൈഡ്രോളിക് പ്രസ്സ്, ഇലക്ട്രോൺ ബീം വെൽഡിങ്, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, നിലവിലെ യന്ത്ര സാമഗ്രികളുടെ നവീകരണ പ്രവർത്തനങ്ങൾ, ഉത്പാദന ചെലവ് കുറയ്ക്കുന്നതിനായി 2 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ മുതലായ പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ആട്ടോകാസ്റ്റ് ലക്ഷ്യമിടുന്നു, ഇ -റിക്ഷ, ഇ-സ്കൂട്ടർ, ഇ-ബസ്, ലിഥിയം അയൺ ബാറ്ററി എന്നിവയുടെ ഉത്പാദനം കേരള ആട്ടോമൊബിൽസ് വിഭാവന ചെയ്യുന്നു.

**4. ഇലക്ട്രോണിക്സ് മേഖല**

കെൽട്രോണിൽ മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ഭാഗമായി നിലവിലുള്ള പ്രൊഡക്ഷൻ യൂണിറ്റുകളുടെ ആധുനികവത്ക്കരണം, അത്യാധുനിക ഇലക്ട്രോണിക് ആൻഡ് ഇലക്ട്രിക് ടെസ്റ്റിങ് ലാബ് സൗകര്യം

നടപ്പിലാക്കുക, ലിഥിയം-അയൺ ബാറ്ററി അസ്സംബ്ലി ചെയ്യുന്നതിനുള്ള സംവിധാനം, വിവിധ ശ്രേണികളിലുള്ള യു.പി.എസിന്റെ നിർമ്മാണം, പ്രതിരോധ മേഖലയ്ക്കാവശ്യമായ നൂതന ഉപകരണങ്ങളുടെ നിർമ്മാണം, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സംവിധാനം, മൾട്ടി ലെയർ പി.സി.ബി നിർമ്മാണം, മെഡിക്കൽ രംഗത്ത് ഉൾപ്പെടെ വിവിധ മേഖലകളിൽ ഉപയോഗിക്കുന്ന ഒപ്റ്റോ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, ആരോഗ്യ മേഖലയ്ക്കാവശ്യമായ നൂതന സൗകര്യങ്ങൾ ഉള്ള ശ്രവണ സഹായിയുടെ നിർമ്മാണം, പൾസ് ഓക്സിമീറ്റർ, ക്രിട്ടിക്കൽ കെയർ വെന്റിലേറ്റർ, ബേബി വാമർ, ബേബി ബാസിനെറ്റ് എന്നിവയുടെ നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ സൂപ്പർ കപ്പാസിറ്റർ നിർമ്മാണത്തിന്റെ വിപുലീകരണം, ലിഥിയം അയൺ ഫോസ്ഫേറ്റ് ബാറ്ററിയുടെ നിർമ്മാണം, നാവിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രധാന ഉൽപ്പന്നമായ ട്രാൻസ് ഡ്യൂസറിന്റെ പീസോകോമ്പോസിറ്റ്, ഫൈബർ ഒപ്റ്റിക് എലിമെന്റ്സ് എന്നിവ ഉപയോഗിച്ചുള്ള വൈവിധ്യവത്ക്കരണ പദ്ധതികൾ കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് ലക്ഷ്യമിടുന്നു.

**5. ടെക്സ്റ്റൈൽ മേഖല**

പൊതുമേഖലയിലെ സഹകരണമേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിങ് മില്ലുകളുടെ നവീകരണം, ഡൈയിങ് & പ്രിന്റിങ് യൂണിറ്റ്, നോൺ വോവൻ ഉത്പാദന യൂണിറ്റ്, വനിത ഗാർമെന്റ് യൂണിറ്റ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നതിനായി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹാൻടെക്സിൽ ഷോറൂമുകളുടെ നവീകരണം, മാർക്കറ്റിംഗ് ശക്തിപ്പെടുത്തുക, ഹാൻവീവിൽ ഷോറൂമുകളുടെ നവീകരണം, മൊബൈൽ വില്പന വാൻ, കമ്പ്യൂട്ടർ വത്ക്കരണംപുതിയ മൂല്യവർദ്ധന ഉൽപ്പന്ന വികസനം, തുടങ്ങിയ പദ്ധതികൾ.

**6. സെറാമിക്സ് മേഖല**

കുണ്ടറ സിറാമിക്സ് ലിമിറ്റഡിൽ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ, കെ.സി.സി.പി. ലിമിറ്റഡിൽ വൈവിധ്യ വത്ക്കരണ പദ്ധതികൾ.

**7. പരമ്പരാഗത അടിസ്ഥാന വികസന മേഖല**

സിഡ്കോയിൽ പ്രൊഡക്ഷൻ യൂണിറ്റുകളുടെ ആധുനികവത്ക്കരണം, ചെറുകിട മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഉള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, ചെറുകിട മേഖലയുടെ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വില്പന കൂട്ടുക, ഇ -കൊമേഴ്സ് സംവിധാനം, ചെറുകിട സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി പുതിയതായി വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുക

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ ഫർണിച്ചർ ഉല്പാദനമേഖലയിൽ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി പ്ലാന്റിന്റെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുക.

ഫ്രാഞ്ചൈസി വില്പനശാലകൾ, പ്രീമിയം വില്പന ശാലകൾ, എക്സ്പോർട്ട് ഡിവിഷൻ, പൊതുസേവനകേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് ലക്ഷ്യമിടുന്നു. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് മുളയധിഷ്ഠിത ഉത്പന്നങ്ങളുടെ വിപുലീകരണം ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ